(ബി&സി) ആശ്രിത നിയമനവും, സാമ്പത്തിക സഹായവും നൽകണം എന്നാവശ്യപ്പെട്ടുകൊണ്ട് ശ്രമതി ബിൻസി കുര്യന്റെ ഒരു നിവേദനം ലഭിച്ചിട്ടുണ്ട്. മുഖ്യമന്ത്രിയുടെ സൈനികക്ഷേമനിധിയിൽ നിന്നും ടിയാൾക്ക് 1,50,000 രൂപ ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ചെക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ആശ്രിത നിയമത്തിനായി അർഹത നിർണ്ണയം നടത്തുന്നതിന് ആവശ്യമായ പ്രമാണങ്ങൾ ലഭ്യമാക്കുവാൻ കോഴിക്കോട് ജില്ലാ സൈനികക്ഷേമ ഓഫീസറോടും മരണപ്പെട്ട ജവാന്റെ റിക്കാർഡ് ഓഫീസുമായും ബന്ധപ്പെട്ട് ആവശ്യപ്പെട്ടിട്ടുണ്ട്.

പ്ലാനിംഗ് ബോർഡിലുണ്ടായിരുന്ന പീപ്പിൾസ് ക്യാംപയിൻ സെല്ലിന്റെ ഉത്തരവാദിത്വങ്ങൾ

18 (4453) ശ്രീ. കെ. എ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്ലാനിംഗ് ബോർഡിലുണ്ടായിരുന്ന പീപ്പിൾസ് പ്ലാൻ ക്യാംപയിൻ സെല്ലിന്റെ ഉത്തരവാദിത്വങ്ങളും കർത്തവ്യങ്ങളും എന്തായിരുന്നു ;

(ബി) ഈ സെല്ലിൽ ആരെല്ലാമുണ്ടായിരുന്നുവെന്നും പ്ലാനിംഗ് ബോർഡിൽ ഈ സെല്ലിനെ നിയന്ത്രിച്ചതാരായിരുന്നുവെന്നും വെളിപ്പെടുത്തുമോ ;

(സി) പി.പി.സി.സി.യെ ഘട്ടം ഘട്ടമായി ഇല്ലാതാക്കുകയും അതു ചെയ്തിരുന്ന കാര്യങ്ങൾ 'കില'-യെ ഏൽപ്പിക്കുകയും ചെയ്തുവോയെന്നും അതിന്റെ ഭാഗമായി കിലയിൽ പുതിയ ഡയറക്ടറെ നിയമിച്ചുവോയെന്നും വിശദമാക്കുമോ ;

(ഡി) എങ്കിൽ അയാൾ ആരായിരുന്നുവെന്നും ശമ്പളം, അലവൻസുകൾ എല്ലാം ചേർത്ത് അയാൾക്ക് നൽകിയ പ്രതിഫലം എത്രയായിരുന്നുവെന്നും വ്യക്തമാക്കുമോ ;

(ഇ) പി.പി.സി.സി.-യെ ഘട്ടംഘട്ടമായി ഇല്ലാതാക്കിയെങ്കിൽ അതിൽനിന്നും കാപ്ഡെക്കിന്റെ (CAPDECK) ജോയിന്റ് പ്രോജക്ട് കമ്മിറ്റിയിൽ ആളെ നിയമിച്ചതെപ്രകാരമാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഒൻപതാം പഞ്ചവത്സര പദ്ധതിയിൽ ആരംഭിച്ച് ജനകീയാസൂത്രണം സംഘടിപ്പിക്കുന്നതിന് സംസ്ഥാന ആസൂത്രണ ബോർഡിനെ സഹായിക്കുക എന്നതായിരുന്നു ജനകീയാസൂത്രണ ക്യാംപയിൻ സെല്ലിന്റെ ചുമതല.

വിവിധ വകുപ്പുകൾ, സ്ഥാപനങ്ങൾ, ഗവൺമെന്റിതര ഏജൻസികൾ, രാഷ്ട്രീയ പ്രവർത്തകർ മുതലായ വിഭാഗങ്ങളെ പങ്കെടുപ്പിച്ച് വികേന്ദ്രീകൃത ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകളും യോഗങ്ങളും സെമിനാറുകളും സംഘടിപ്പിക്കുക, പ്രാദേശിക ആസൂത്രണത്തിന് അനുയോജ്യമായ കൈപ്പുസ്തകങ്ങളും പഠന സഹായികളും എഴുതി തയ്യാറാക്കുക, അതോടനുബന്ധിച്ചുള്ള പരിശീലനങ്ങൾ സംഘടിപ്പിക്കുക, തദ്ദേശസ്ഥാപനങ്ങൾ സന്ദർശിച്ച് പദ്ധതിയാസൂത്രണ പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്തു ഗവൺമെന്റിലേക്ക് റിപ്പോർട്ടു ചെയ്യുക എന്നിവ ക്യാംപയിൻ സെല്ലിന്റെ പ്രവർത്തനങ്ങളായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കോളേജ് വിദ്യാഭ്യാസം, സർവ്വകലാശാലകൾ, പൊതു വിദ്യാഭ്യാസം എന്നിവിടങ്ങളിൽ നിന്നുള്ള അദ്ധ്യാപകർ, സെക്രട്ടേറിയറ്റ്, സഹകരണം, ആരോഗ്യം എന്നീ വകുപ്പുകളിൽനിന്നുള്ള ഉദ്യോഗസ്ഥർ, റിട്ടയർചെയ്ത വകുപ്പ് മേധാവികൾ മുതലായവരാണ് സെല്ലിൽ ഉണ്ടായിരുന്നത്. ആസൂത്രണ ബോർഡ് അംഗങ്ങളായിരുന്ന ഡോ. റ്റി. എം. തോമസ് ഐസക്കിന്റെയും ശ്രീ. ഇ. എം. ശ്രീധരന്റെയും നേതൃത്വത്തിലാണ് ക്യാംപയിൻ സെൽ പ്രവർത്തിച്ചിരുന്നത്.

(സി) ജനകീയാസൂത്രണവുമായി ബന്ധപ്പെട്ട പരിശീലന പരിപാടികളുടെ ചുമതലമാത്രമാണ് 'കില'യ്ക്ക് കൈമാറിയതും അവർ നടപ്പിലാക്കിയതും.

ജനകീയാസൂത്രണ പ്രവർത്തനങ്ങൾക്ക് മാത്രമായി 'കില'യിൽ പ്രത്യേകം ഡയറക്ടറെ നിയമിച്ചിട്ടില്ല. നിലവിലുണ്ടായിരുന്ന ഐ.എ.എസ്. കേഡറിൽപ്പെട്ട ഡയറക്ടർ സ്ഥലം മാറിപോയപ്പോൾ അക്കാദമിഷ്യനായ ഒരാളെ ഡയറക്ടറായി നിയമിക്കുകയാണുണ്ടായത്.

(ഡി) സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസിലെ അസോസിയേറ്റ് ഫെലോ ആയിരുന്ന ഡോ. പി. കെ. മൈക്കിൾ തരകനെയാണ് 'കില' ഡയറക്ടറായി നിയമിച്ചത്. അദ്ദേഹത്തിന് ശമ്പളവും അലവൻസുകളും ഉൾപ്പെടെ 26,251 രൂപ പ്രതിമാസം പ്രതിഫലം നൽകിയിരുന്നു.

(ഇ) ജനകീയാസൂത്രണ ക്യാംപയിൻ സെല്ലിന്റെ ഭാഗമായല്ല കാപ്ഡെക് ആരംഭിച്ചത്. കേരളത്തിലെ വികേന്ദ്രീകൃതാസൂത്രണത്തിന്റെ ശേഷി വർദ്ധിപ്പിക്കുന്നതിന് സിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ-ഓപ്പറേഷൻ എന്ന സ്ഥാപനം അനുവദിച്ചിട്ടുള്ള ഒരു പ്രത്യേക പ്രോജക്ടാണ് കാപ്ഡെക്ക് (CAPDEK). പ്രസ്തുത പ്രോജക്ടിന്റെ നയനിർവ്വഹണ സമിതിയാണ് ജോയിന്റ് പ്രോജക്ട് കമ്മിറ്റി (JOINT PROJECT COMMITTEE-JPC) ആ സമിതിയിൽ ചുവടെ ഉള്ളവർ എക്സ് ഒഫിഷ്യോ അംഗങ്ങളാണ്.

1. വൈസ് ചെയർമാൻ, സംസ്ഥാന ആസൂത്രണ ബോർഡ്.
2. ജോയിന്റ് സെക്രട്ടറി, ഗ്രാമ വികസന മന്ത്രാലയം, ഗവൺമെന്റ് ഓഫ് ഇൻഡ്യ.
3. ഒരു മേയർ (ജെ.പി.സി. കോ-ഓപ്റ്റ് ചെയ്യുന്നത്)
4. ഒരു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് (ജെ.പി.സി. കോഓപ്റ്റ് ചെയ്യുന്നത്)
5. മുനിസിപ്പൽ ചെയർമാൻമാരുടെ ചേമ്പർ പ്രസിഡന്റ്.
6. കേരള ഗ്രാമ പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്.
7. കേരള ബ്ലോക്ക് പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ്.
8. സംസ്ഥാന ആസൂത്രണ ബോർഡിലെ രണ്ട് മെമ്പർമാർ.
9. സെക്രട്ടറി (ആസൂത്രണം)
10. സെക്രട്ടറി (തദ്ദേശസ്വയംഭരണം-റൂറൽ)
11. സെക്രട്ടറി (തദ്ദേശസ്വയംഭരണം-അർബൻ)

LIBRARY ARCHIVES Kerala Legislative Assembly

12. സെക്രട്ടറി (ധനകാര്യം)

13. ഡയറക്ടർ, 'കില'.

14. സ്വിസ് ഏജൻസി ഫോർ ഡെവലപ്മെന്റ് ആന്റ് കോ ഓപ്പറേഷൻ പ്രതിനിധികൾ രണ്ടുപേർ.

15. 'കില' എക്സിക്യൂട്ടീവ് കൗൺസിൽ ചെയർപേഴ്സൺ.

16. എക്സിക്യൂട്ടീവ് കോർഡിനേറ്റർ (കാപ്ഡെക്) (സ്ഥിരം ക്ഷണിതാവ്).

കാപ്ഡെക് പദ്ധതി

19 (4454) ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പദ്ധതി നടപ്പാക്കുവാൻ ലഭിച്ച പണത്തേയും അതിന്റെ വിനിയോഗത്തെയും പറ്റി എന്തെങ്കിലും അന്വേഷണം നടത്തിയിട്ടുണ്ടോ ;

(ബി) ആ പണം ഉപയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ സംസ്ഥാനത്തിന് എപ്രകാരം പ്രയോജനം ചെയ്തു എന്നന്വേഷിച്ചിട്ടുണ്ടോ ;

(സി) ഇല്ലാത്തപക്ഷം ഈ വക കാര്യങ്ങളെപ്പറ്റി സമഗ്രമായ ഒരന്വേഷണം നടത്തുമോ ?

ഉത്തരം

(എ&ബി) ഇല്ല.

(സി) വ്യക്തമായ പരാതി ലഭിച്ചാൽ അന്വേഷിക്കുന്നതാണ്.

കാപ്ഡെക് പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ

20 (4455) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കാപ്ഡെക് എന്ന പ്രോജക്ടിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ആ പ്രോജക്ടിനെ എത്രയായി വിഭജിച്ചിരുന്നു ;

(സി) ഓരോന്നിനേയും സംബന്ധിച്ച വിശദാംശം നൽകുമോ ;

(ഡി) 24-12-1999-ലെ എം.എസ്.നമ്പർ 58/99/പ്ലാനിംഗ് എന്ന ജി.ഒ.യുടെ അഞ്ചാം ഖണ്ഡിക പ്രകാരം ഇതിന്റെ ഘടകങ്ങൾ എന്തെല്ലാമായിരുന്നു ;

(ഇ) അതനുസരിച്ച് കിലയെ ഒരു മികവിന്റെ കേന്ദ്രമാക്കണമായിരുന്നുവോ ;

(എഫ്) എങ്കിൽ അതിനുവേണ്ടി എസ്.ഡി.സി. നൽകിയ തുകയിൽ നിന്ന് എത്ര തുക വിനിയോഗിച്ചു ;

(ജി) കിലയെ എപ്രകാരം മികവിന്റെ കേന്ദ്രമാക്കി എന്ന് വ്യക്തമാക്കുമോ ;

(എച്ച്) ഇതിനായി ഒരു തുകയും വിനിയോഗിക്കാത്തപക്ഷം അതിനുള്ള കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly